പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 80

11.06.2012-ൽ മറുപടിക്ക്

## താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം ഒരു വർഷകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2012-13 ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ എൻവയോൺമെന്റ് ക്ളിയറൻസ് ഈ പദ്ധതിക്ക് ആവശ്യമുണ്ടോ; | (ബി) | ആവശ്യമുണ്ട്. |
| (സി) | എങ്കിൽ ക്ളിയറൻസ് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | താനൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തുന്നതിന് ഭരണാനുമതി നൽകിയതു പ്രകാരം ഹാർബർ എൻജിനീയറിംഗ് വകുപ്പ് അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തി കേന്ദ്ര സ്ഥാപനമായ പൂനെയിലെ CWPRS മുഖാന്തിരം മാതൃകാപഠനം പൂർത്തിയാക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പരിസ്ഥിതി പഠന റിപ്പോർട്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രവും CESS-ൽ നിന്നും CRZ Status report ഉം ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള കമ്മിറ്റിയുടെ ശുപാർശയോടെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനായി KCZMA യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ക്ലിയറൻസ് ലഭ്യമാക്കി എപ്പോൾ പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 16.08.2011-ൽ കേരള ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറിയും ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിലെ നിർദ്ദേശ പ്രകാരം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി പ്രതീക്ഷിച്ചുകൊണ്ട് പദ്ധതി യുടെ 4308 ലക്ഷം രൂപ വരുന്ന TEFR (Techno Economic Feasibility Report) 75% കേന്ദ്രധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതി നായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചി ട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതിയും ഭരണാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ